ഇതിൽ കൃപേഷ്, നിബിൻ എന്നീ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചുവരികയാണ്.

(സി) ഉൾപ്പെട്ടിട്ടുണ്ട്. ടി കേസിലെ പ്രതികളിൽ ജനാർദ്ദനൻ, ശരത് ലാൽ, കൃപേഷ് എന്നിവർ ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 22/19 u/s 143, 147, 148, 447, 427 r/w 149 IPC കേസിൽ ഉൾപ്പെട്ട പ്രതികളാണ്. കൂടാതെ നിബിൻ കുമാർ, S/o. നളിനി എന്നയാൾ കുറ്റപത്രം സമർപ്പിച്ച ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 477/18 u/s 341, 323, 324 r/w 34 IPC കേസിലെ പ്രതിയാണ്.

(ഡി) ഈ കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. ശേഷിക്കുന്ന പ്രതികളെ ഉടനടി അറസ്റ്റ് ചെയ്ത് ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതാണ്.

**ഷുഹൈബ് കൊലക്കേസിൽ അഭിഭാഷകരുടെ ചെലവ്**

125 (1999) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് കോൺഗ്രസ്സ് മട്ടന്നൂർ ബ്ലോക്ക് പ്രസിഡന്റായിരുന്ന ഷുഹൈബിന്റെ കൊലപാതക കേസിൽ സി.ബി.ഐ. അന്വേഷണം സംബന്ധിച്ച് ഹൈക്കോടതി സിംഗിൾ ബഞ്ച് നൽകിയ സ്റ്റേ നീക്കിക്കിട്ടുവാൻ ഷുഹൈബിന്റെ പിതാവ് സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിൽ സർക്കാർ ഭാഗം വാദിക്കാനായി സ്റ്റാന്റിംഗ് കൗൺസൽമാർക്ക് പുറമെ ഏതൊക്കെ അഭിഭാഷകരുടെ സേവനമാണ് സർക്കാർ ഉപയോഗിച്ചത്;വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത അഭിഭാഷകർക്ക് ഫീസിനത്തിലും മറ്റുമായി എന്ത് തുകയാണ് നൽകിയത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പേട്ട എസ്.എച്ച്.ഒ.യ്ക്കെതിരെ നടപടി**

126 (2000) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിൽവച്ച് മൊബൈലിൽ ഫോട്ടോ എടുക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതിന്റെ പേരിൽ സുന്ദരേശൻ (ജയകുമാർ) എന്ന വ്യക്തിക്കെതിരെ ശ്രീമതി അന്നമ്മ തോമസ് എന്നയാളും ഭർത്താവും ചേർന്ന് 15-12-2018 ന് തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly